Torture on a Pulaya in Narakkal.

372. മിസ്റ്റർ കെ. പി. വള്ളോൻ.—ഫ ഫ ഠ ന്-ൽ അയ്യമ്പിള്ളിക്കാരൻ ചാത്തൻ എന്ന ഒരു പുലയനെ സ്ഥലത്തെ ഒരു കുസ്ഥാനി കഠിനമായിദേഹോപദ്രവം ചെയ്തതിനു ഞാറക്കൽപോലീസ് ഇൻസ്പെക്ടർ ചാർജ്ജ് ചെയ്തിരുന്ന കേസിലെ വാദിയായിരുന്ന പുലയനെ പ്രതിയായ കുസ്ഥാനും അധികൃത സംരക്ഷകനും കൂടി അയ്യമ്പിള്ളിയിൽ നിന്നും ബോട്ടിൽ കയറി എറണാകുളത്തു കൊണ്ടുവരികയുണ്ടായൊ;

ഫ ഫ ഠ ന് ധനു ഫ ഠ ന്-ാംനു- ടി കേസ്സു തമ്മിൽ തീർപ്പിക്കുകയുണ്ടായൊ?

രാമവമ്മതമ്പുരാൻ.—അധികൃതസംരക്ഷകൻ ഫ ഫ ഠ ന് ധനു ഫ ന്-ാംനു- പള്ളിപ്പുറം വില്ലേജിൽ സക്കീട്ടു പോയി മടങ്ങിവരുംവഴി അന്യായക്കാരനായ ചാത്തനും പ്രതിയായ ജേക്കബും തമ്മിലുള്ള അടികലശൽ കേസ്സിനെ പററി അന്വേഷിക്കുകയും, ഒരേ ദേശവാസികളും അയൽപക്കക്കാരുമായ അവർ തമ്മിലുള്ള വഴക്കുകൾ തമ്മിൽ രീനു മേലാൽ സൌഹാർദ്ദമായി ജീവിക്കുന്നതു പൊതുവിൽ ക്ഷേമകരമായിരിക്കുമെന്നു് ഉപദേശിക്കുകയും, അവർ അതു സമ്മതിക്കുകയും ചെയ്തു. അതു കക്ഷികൾ രണ്ടുപേരും അധികൃത സംരക്ഷകനും ഒരുമിച്ചു ഒരു ബോട്ടിൽ ആണു് എറണാകുളത്തേക്കു മടങ്ങിയതു്.

കേസ്സു് തമ്മിൽ തീരുവാൻ കക്ഷികളെ ഉപദേശിക്കുകയുണ്ടായി. പിന്നെ അതു തമ്മിൽ തീർന്നതായി അറിയുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—അടി കൊണ്ട അധികൃതനു മരുന്നു കഴിക്കുവാൻ വേണ്ടി വല്ലതും കൊടുക്കുന്നതിനു് അധികൃത സംരക്ഷകൻ ഉപദേശിക്കയുണ്ടായൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ പി. എസ്സു്. കേശവൻനമ്പൂതിരി.—ഉപദ്രവിച്ച ആളെക്കൊണ്ടു് അധികൃതനു വല്ല നഷ്ടവും കൊടുപ്പിച്ചിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ പാലം മാമ്പിള്ളി.—അടി വല്ലതും നടന്നോ?

രാമവമ്മതമ്പുരാൻ.—ആൻസർ നോക്കിയാൽ അറിയാം.

Acquired lands—Trees on.

373. **Mr. Paul Mampilli.**—Will the Government be pleased to state—

(a) are there trees on the lands acquired for road and foot-paths in Narakkal and Nayarambalam ;

(b) why are the trees not removed ;

(c) are the Government aware that the trees are causing obstruction and danger to persons using the road especially at night ?

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon.—(a) Yes.

(b) The trees will be removed along with the completion of the road work which is under progress.

(c) They do cause some obstruction and arrangements are being made to remove them.

Daily allowance—rate of.

374. മിസ്റ്റർ കെ. പി. വള്ളോൻ.—തൃപ്പൂണിത്തുറ, ഞാറക്കൽ, പള്ളുരുത്തി, മുളന്തുരുത്തിഈ പ്രദേശങ്ങളിൽ നിന്നും ശവമെണ്ടാവശ്യം പ്രമാണിച്ച് എറണാകുളത്തു വരുന്ന ആസ്പത്രി ശിപായി,സ്ക്കൂൾമാസപ്പടി, വില്ലേജ്മാസപ്പടി, മുതലായവക്കുള്ള ഡെയലി അലവൻസെന്തു; ടി പ്രദേശങ്ങളിൽ നിന്നും വരുന്ന കാൺസ്റ്റെബിൾമാക്കുള്ള ഡെയലി അലവൻസെന്തു?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.—ആസ്പത്രി ശിപായികൾക്കും സ്കൂൾമാസപ്പടിമാക്കും ർ ണ. ഡെയിലി അലവൻസ് കിട്ടുന്നതാണ്. വില്ലേജുമാസപ്പടിമാക്കും കാൺസ്റ്റെബിൾമാക്കും ഡെയിലി അലവൻസിനു പ്രകാരം അവകാശമില്ല. എന്നാൽ മുളന്തുരുത്തിയിൽ നിന്നു വരുന്നവക്കു ർ അണ ഡെയിലി അലവൻസും കിട്ടുന്നതാണ്. ഒന്നാംഗ്രേഡ് കാൺസ്റ്റെബിൾമാക്കു വ അണ ഡെയിലി അലവൻസു കിട്ടും.

മിസ്റ്റർ കെ. പി. വള്ളോൻ.—ശിപായിമാക്കു കൊടുക്കുന്നതുപോലെയുള്ള ഡെയിലി അലവൻസു് കാൺസ്റ്റെബിൾമാക്കും മാസപ്പടിമാക്കും കൊടുക്കുവാൻ മേലുണ്ടാകുമൊ?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.—ഓരോരുത്തക്കും ഓരോ കാരണം അതാതുസ്ഥാനപ്പെട്ടതായാണ് കൊടുക്കുന്നതു്. അതിലെന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ ഇല്ലയൊ എന്നന്വേഷിക്കാതെ തീർച്ച പറയുവാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ശിപായിമാർ ബുദ്ധിമുട്ടുന്നതുപോലെയുള്ള ബുദ്ധിമുട്ട് മറ്റുള്ളവക്കുണ്ടൊ എന്നറിയാമൊ?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.—കാൺസ്റ്റെബിൾമാക്കു ശിപായിമാരേക്കാൾ ശമ്പളം അധികമുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—മാസപ്പടിമാക്കൊ?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.—വില്ലേജ് മാസപ്പടിമാക്കും ശിപായിമാക്കും ചില കല്പനകൾ നടത്തുവാൻ വേണ്ടി അവർ താല്ക്കാലികത്തിൽ വിട്ടു പോകയാണെങ്കിലേ ബത്തയുള്ളു എന്നു വച്ചിട്ടുണ്ടു്. ശരിക്കു നോക്കിയാൽ എല്ലാവക്കും ഒന്നുപോലെയാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ശമ്പളം അധികമുള്ളവക്കു് അലവൻസു് ആവശ്യമില്ലെന്നാണൊ ശവമെണ്ടന്റെ അഭിപ്രായം?

മിസ്റ്റർ പി. വി. സുബ്രഹ്മണ്യയ്യർ.—അലവൻസുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly